# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1121.** **08.02.2013 - ലെ മറുപടിക്ക്.**

## പ്ലസ് വൺ കോഴ്സ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി.ദിവാകരൻ | | ശ്രീ. പി. കെ. അബ്ദുറബ്ബ്.<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | 2012-13 അദ്ധ്യയന വർഷത്തിൽ പ്ലസ് വൺ കോഴ്സിന് എത്ര അധിക ബാച്ചുകൾ അനുവദിച്ചിട്ടുണ്ടെന്നും അവ ഏതെല്ലാം സ്കൂളുകളിലാണെന്നും അറിയിക്കാമോ ; | (എ) | സർക്കാർ ഉത്തരവ് (എം എസ്) നം. 272/12/പൊ.വി.വ തീയതി 7/09/12 പ്രകാരം തിരുവനന്തപുരം, മലപ്പുറം, കോഴിക്കോട് ജില്ലകളിലെ 30 ഹയർസെക്കന്ററി സ്കൂളുകളിലായി 32 അധിക ബാച്ചുകൾ അനുവദിച്ചിട്ടുണ്ട്. (പട്ടിക അനുബന്ധമായി ചേർക്കുന്നു) |
| (ബി) | എത്ര സീറ്റുകളാണ് അനുവദിച്ചതെന്നും അതിൽ എത്രസീറ്റിൽ അഡ്മിഷൻ നൽകിയെന്നും അറിയിക്കാമോ; | (ബി) | അനുവദിച്ച സീറ്റുകൾ-2171<br>അഡ്മിഷൻ നൽകിയ സീറ്റുകൾ-1570 |
| (സി) | ഈ സ്കൂളുകളിൽ എത്ര അധിക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട് എന്നും വ്യക്തമാക്കാമോ ? | (സി) | അധിക തസ്തികകൾ സൃഷ്ടിച്ചിട്ടില്ല. ആവശ്യമുള്ളയിടങ്ങളിൽ ഗസ്റ്റ് അധ്യാപകരെ നിയമിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ.**

**കേരള സർക്കാർ**

<u>സംഗ്രഹം</u>

പൊതു വിദ്യാഭ്യാസ വകുപ്പ് - ഹയർ സെക്കന്ററി വിദ്യാഭ്യാസം - അക്കാദമികം-2012-13 അദ്ധ്യയന വർഷം -സംസ്ഥാനത്തെ ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂളുകളിൽ അധിക ബാച്ചുകൾ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതു വിദ്യാഭ്യാസ (യു) വകുപ്പ്**

**സ.ഉ (എംഎസ്) നം. 272 /12/പൊ.വി.വ.** **തീയതി. തിരുവനന്തപുരം, 7/09/2012.**

---

പരാമർശം : *1. ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടറുടെ 23/08/2012 ലെ ICT Cell/9887/12 നമ്പർ കത്ത്.*

*2. സ.ഉ (എം.എസ്) നം.259/12/പൊ.വി.വ തീയതി. 13/8/2012.*

## <u>ഉത്തരവ്</u>

പരാമർശം 2ലെ കത്തിൽ ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ ശുപാർശചെയ്തിരിക്കുന്ന പ്രകാരം ഈ ഉത്തരവിനോടൊപ്പം അനുബന്ധമായി ചേർക്കപ്പെട്ട സംസ്ഥാനത്തെ 30 സർക്കാർ ഹയർസെക്കന്ററി സ്കൂളുകളിൽ 2012-13 അദ്ധ്യയനവർഷത്തേയ്ക്ക് മാത്രമായി അധിക പ്ലസ് വൺ ബാച്ചുകൾ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ടി പ്രകാരം അനുവദിക്കപ്പെട്ട അധികബാച്ചുകളിൽ പ്രവേശന നടപടികൾ അവസാനിപ്പിക്കുന്നതിനുള്ള സമയപരിധി 10/09/2012 ആയി ദീർഘിപ്പിച്ച് നിജപ്പെടുത്തുന്നു. മേൽപ്രകാരം അനുവദിച്ച അധികബാച്ചുകളിൽ ക്ലാസ്സുകൾ നടത്തുന്നതിന് നിലവിൽ അദ്ധ്യാപകരുടെ അപര്യാപ്തത അനുഭവപ്പെടുകയാണെങ്കിൽ താല്കാലിക അദ്ധ്യാപകരെ നിയോഗിച്ച് അധ്യാപനം നടത്തേണ്ടതാണ്. ഇപ്രകാരം നിയമിക്കപ്പെടുന്ന അധ്യാപകർക്ക് ദിവസവേതനം നൽകുവാനുള്ള നിർദ്ദേശം ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിന് സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**പി.എം.തോമസ്,**

**അഡീഷണൽ സെക്രട്ടറി.**

ഡയറക്ടർ, ഹയർ സെക്കണ്ടറി വിദ്യാഭ്യാസം, തിരുവനന്തപുരം.

ബന്ധപ്പെട്ട സ്കൂൾ പ്രിൻസിപ്പൽമാർക്ക്(ഹയർസെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ മുഖാന്തിരം)

പ്രിൻസിപ്പൽ, അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ). കേരളം, തിരുവനന്തപുരം.

ഡയറക്ടർ, വിവര പൊതു ജന സമ്പർക്ക വകുപ്പ് ( മാധ്യമങ്ങളിലൂടെയും വെബ്സൈറ്റിലൂടെയുമുള്ള പ്രചാരത്തിനായി)

കരുതൽ ഫയൽ / ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം,**

സെക്ഷൻ ഓഫീസർ.

| ക്രമ നം. | ജില്ല | സ്കൂൾ കോഡ് | സ്കൂളിന്റെ പേര് | കോഴ്സ് & കോഡ് | ബാച്ചുകളുടെ എണ്ണം |
|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 1031 | ജി.എച്ച്.എസ്സ്.എസ്സ്,നാവായിക്കുളം | കോമേഴ്സ് (39) | 1 |
| 2 | തിരുവനന്തപുരം | 1043 | ജി.എച്ച്.എസ്സ്.എസ്സ്, മാരായമുട്ടം | കോമേഴ്സ് (38,39) | 2 |
| 3 | തിരുവനന്തപുരം | 1020 | ജി.എച്ച്.എസ്സ്.എസ്സ്, തൊളിക്കോട് | ഹ്യുമാനിറ്റീസ് (14) | 1 |
| 4 | തിരുവനന്തപുരം | 1007 | ജി.എച്ച്.എസ്സ്.എസ്സ്, മെഡിക്കൽ കോളേജ് | ഹ്യുമാനിറ്റീസ് (12) | 1 |
| 5 | തിരുവനന്തപുരം | 1045 | ജി.എച്ച്.എസ്സ്.എസ്സ്, ഉച്ചക്കട,കുളത്തൂർ | സയൻസ് (1) | 1 |
| 6 | മലപ്പുറം | 11011 | ജി. രാജാസ് എച്ച്.എസ്സ്.എസ്സ്. കോട്ടയ്ക്കൽ | ഹ്യുമാനിറ്റീസ് (10) | 1 |
| 7 | മലപ്പുറം | 11010 | ജി. ബി.എച്ച്.എസ്സ്.എസ്സ്, മഞ്ചേരി | ഹ്യുമാനിറ്റീസ് (11) | 1 |
| 8 | മലപ്പുറം | 11139 | ജി.എച്ച്.എസ്സ്.എസ്സ്,കവനൂർ | കോമേഴ്സ് (37) | 1 |
| 9 | മലപ്പുറം | 11132 | ജി. വി.എച്ച്.എസ്സ്.എസ്സ്,കൊണ്ടോട്ടി | ഹ്യുമാനിറ്റീസ് (12) | 1 |
| 10 | മലപ്പുറം | 11140 | ജി.എച്ച്.എസ്സ്.എസ്സ്,നെല്ലികുത്ത് | കോമേഴ്സ് (39) | 1 |
| 11 | മലപ്പുറം | 11031 | ജി.എച്ച്.എസ്സ്.എസ്സ്,പാങ്ങ് | ഹ്യുമാനിറ്റീസ് (15) | |
| 12 | മലപ്പുറം | 11012 | ജി.എച്ച്.എസ്സ്.എസ്സ്,കൊക്കൂർ | ഹ്യുമാനിറ്റീസ് (11) | 1 |
| 13 | മലപ്പുറം | 11160 | ജി.എച്ച്.എസ്സ്.എസ്സ്,പുതുപറമ്പ | കോമേഴ്സ് (38) | 1 |
| 14 | മലപ്പുറം | 11155 | ജി. വി.എച്ച്.എസ്സ്.എസ്സ്,വേങ്ങര | കോമേഴ്സ് (39). ഹ്യുമാനിറ്റീസ് (11) | 1<br>1 |
| 15 | മലപ്പുറം | 11150 | ജി. വി.എച്ച്.എസ്സ്.എസ്സ്,കൽപ്പകംചേരി | കോമേഴ്സ് (39) | 1 |
| 16 | മലപ്പുറം | 11120 | ജി.എച്ച്.എസ്സ്.എസ്സ്,ചെറിയമുണ്ടം | കോമേഴ്സ് (39) | 1 |
| 17 | മലപ്പുറം | 11143 | ജി.എച്ച്.എസ്സ്.എസ്സ്,പറവണ്ണ | കോമേഴ്സ് (38) | 1 |
| 18 | മലപ്പുറം | 11007 | ജി. വി.എം.സി എച്ച്.എസ്സ്.എസ്സ്, വണ്ടൂർ | കോമേഴ്സ് (38) | 1 |
| 19 | മലപ്പുറം | 11009 | ജി.എച്ച്.എസ്സ്.എസ്സ്, മൂത്തേടത്ത് | ഹ്യുമാനിറ്റീസ് (10) | 1 |
| 20 | മലപ്പുറം | 11016 | ജി.എച്ച്.എസ്സ്.എസ്സ്, പൂലംതോല | കോമേഴ്സ് (39) | 1 |
| 21 | കോഴിക്കോട് | 10115 | ജി.എച്ച്.എസ്സ്.എസ്സ്, നടുവണ്ണൂർ | കോമേഴ്സ് (38) | 1 |
| 22 | കോഴിക്കോട് | 10010 | ജി. വി.എച്ച്.എസ്സ്.എസ്സ്, മേപ്പയൂർ | കോമേഴ്സ് (39) | 1 |
| 23 | കോഴിക്കോട് | 10003 | ജി.എച്ച്.എസ്സ്.എസ്സ്, കൊടുവള്ളി | കോമേഴ്സ് (37) | 1 |
| 24 | കോഴിക്കോട് | 10113 | എച്ച്.എസ്സ്.എസ്സ്. അവല കുട്ടോത്ത് | ഹ്യുമാനിറ്റീസ് (11) | 1 |
| 25 | കോഴിക്കോട് | 10117 | ജി.എച്ച്.എസ്സ്.എസ്സ്, ചെരുവണ്ണൂർ | കോമേഴ്സ് (39) | 1 |
| 26 | കോഴിക്കോട് | 10016 | ജി.എച്ച്.എസ്സ്.എസ്സ്, അഴിയൂർ | കോമേഴ്സ് (38) | |
| 27 | കോഴിക്കോട് | 10101 | ജി.എച്ച്.എസ്സ്.എസ്സ്, കരുമ്പോയിൽ | ഹ്യുമാനിറ്റീസ് (31) | 1 |
| 28 | കോഴിക്കോട് | 10103 | ജി.എച്ച്.എസ്സ്.എസ്സ്, പാനൂർ | ഹ്യുമാനിറ്റീസ് (10) | 1 |
| 29 | കോഴിക്കോട് | 10139 | ജി.എച്ച്.എസ്സ്.എസ്സ്, പറയഞ്ചേരി | ഹ്യുമാനിറ്റീസ് (11) | 1 |
| 30 | കോഴിക്കോട് | 10020 | ജി.എച്ച്.എസ്സ്.എസ്സ് [illegible] | ഹ്യുമാനിറ്റീസ് (15) | 1 |